## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 29 — 10.12.2012-ൽ മറുപടിക്ക്

### സേവനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.യു. കുരുവിള**<br>**ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** | |
| (എ) | സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | കേരള സംസ്ഥാന സേവനാവകാശ നിയമം 01.11.2012 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി നിയമത്തിന് ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. ടി നിയമം മൂന്നാം വകുപ്പ് പ്രകാരം ഈ നിയമത്തിന്റെ പ്രാരംഭം മുതൽ 6 മാസത്തിനകം ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുതലവന്മാരും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, അപ്പീൽ അധികാരികൾ, നിശ്ചിത സമയപരിധി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. 23.11.2012-ലെ 21145/എ.ആർ. 12 (i)/ 12/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, ടി നിയമപ്രകാരം 2012 ഡിസംബർ 10 ന മുമ്പായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സേവനാവകാശ നിയമത്തിന്റെ പ്രാധാന്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ഇക്കാര്യം പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ.